**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6983** | **02.11.2011 - ൽ മറുപടിക്ക്**

## തലശ്ശേരി-മൈസൂർ റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) തലശ്ശേരി-മൈസൂർ റോഡ് നാഷണൽ ഹൈവേ വിഭാഗത്തിൽ ഉൾപ്പെടുത്തി കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) തലശ്ശേരി-മൈസൂർ റോഡ് നാഷണൽ ഹൈവേ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാവിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും സർക്കാർ മുമ്പാകെ സമർപ്പിച്ചിരുന്നു. തുടർന്ന് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രിയോട് ഇക്കാര്യം പരിഗണിക്കണം എന്ന് അഭ്യർത്ഥിച്ച് സർക്കാർ കത്ത് അയച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിലെ തലശ്ശേരി-കൂട്ടുപുഴ (വളവുപാറ) സംസ്ഥാന പാതയുടേയും പാതയിലുള്ള പാലങ്ങളുടേയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ അന്തർ സംസ്ഥാന റോഡിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ളതും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണ്? | (സി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ തലശ്ശേരി-വളവുപാറ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന്റെ വിശദമായ പദ്ധതിരേഖ ധനസഹായത്തിനായി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്ക് ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ടി റോഡിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ